"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018-19 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തിരഞ്ഞെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.408/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/02/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.2642/2018/ത.സ്വ.ഭ.വ. തീയതി, 15/10/2018.

2 സ.ഉ.(സാധാ) നം.212/2020/ത.സ്വ.ഭ.വ. തീയതി, 25/01/2020.

3 പഞ്ചായത്ത് ഡയറക്ടറുടെ 14.02.2020 - ലെ ജി2-11392/2019 നമ്പർ കത്ത്.

4 ഗ്രാമ വികസന കമ്മീഷണറുടെ 13.02.2020 -ലെ 18376/ഡി.പി.5/19 /സി.ആർ.ഡി. നമ്പർ കത്ത്.

5 മികച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനായി രൂപികരിച്ചിട്ടുള്ള സമിതിയുടെ 13/02/2020 തീയതിയിലെ യോഗ തീരുമാനം.

**ഉത്തരവ്**

2018-19 വർഷം മികച്ച പ്രവർത്തനം കാഴ്ച വച്ച ത്രിതലപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ത്രിതല പഞ്ചായത്തുകളെ 2018-19 വർഷത്തെ മികച്ച ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളായി തിരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

**ഗ്രാമപഞ്ചായത്ത് - സംസ്ഥാനതലം**

ഒന്നാം സ്ഥാനം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
രണ്ടാം സ്ഥാനം : മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)
മൂന്നാം സ്ഥാനം : വീയപുരം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)

സംസ്ഥാനത്തിൽ മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ച പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും രണ്ടാം സ്ഥാനം ലഭിച്ച മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മൂന്നാം സ്ഥാനം നേടിയ വീയപുരം ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

**ഗ്രാമപഞ്ചായത്ത് - ജില്ലാതലം**

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | ചെമ്മരുതി ഗ്രാമപഞ്ചായത്ത് |
| | 2 | മംഗലപുരം ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| കൊല്ലം | 1<br>2 | പൂതക്കുളം ഗ്രാമപഞ്ചായത്ത്<br>നെടുമ്പന ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | 1<br>2 | തുമ്പമൺ ഗ്രാമപഞ്ചായത്ത്<br>മെഴുവേലി ഗ്രാമപഞ്ചായത്ത് |
| ആലപ്പുഴ | 1<br>2 | കുമാരപുരം ഗ്രാമപഞ്ചായത്ത്<br>മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| കോട്ടയം | 1<br>2 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത്<br>അയ്മനം ഗ്രാമപഞ്ചായത്ത് |
| ഇടുക്കി | 1<br>2 | വട്ടവട ഗ്രാമപഞ്ചായത്ത്<br>മണക്കാട് ഗ്രാപഞ്ചായത്ത് |
| എറണാകുളം | 1<br>2<br>2 | രായമംഗലം ഗ്രാമപഞ്ചായത്ത്<br>മാറാടി ഗ്രാമപഞ്ചായത്ത്<br>പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| തൃശ്ശൂർ | 1<br>2 | പൂമംഗലം ഗ്രാമപഞ്ചായത്ത്<br>അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് |
| പാലക്കാട് | 1<br>2 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br>വെള്ളിനേഴി ഗ്രാമപഞ്ചായത്ത് |
| മലപ്പുറം | 1<br>2 | പുലാമന്തോൾ ഗ്രാമപഞ്ചായത്ത്<br>മാറഞ്ചേരി ഗ്രാമപഞ്ചായത്ത് |
| കോഴിക്കോട് | 1<br>2 | ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്<br>പനങ്ങാട് ഗ്രാമപഞ്ചായത്ത് |
| വയനാട് | 1<br>2 | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്<br>കോട്ടത്തറ ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | 1<br>2 | കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്<br>പരിയാരം ഗ്രാമപഞ്ചായത്ത് |
| കാസർഗോഡ് | 1<br>2 | ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്<br>ബേഡഡുക്ക ഗ്രാമപഞ്ചായത്ത് |

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ ജില്ലാ തലത്തിലുള്ള മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പട്ടികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ജില്ലാ തലത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86-(05)-35-NP എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

<u>ബ്ലോക്ക് പഞ്ചായത്ത് - സംസ്ഥാനതലം</u>

ഒന്നാം സ്ഥാനം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
രണ്ടാം സ്ഥാനം : പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
മൂന്നാം സ്ഥാനം : ളാലം ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86-(04)-35-NP എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ജില്ലാ പഞ്ചായത്ത്**

ഒന്നാം സ്ഥാനം : തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
രണ്ടാം സ്ഥാനം : കണ്ണൂർ ജില്ലാ പഞ്ചായത്ത്
മൂന്നാം സ്ഥാനം : കൊല്ലം ജില്ലാ പഞ്ചായത്ത്
എറണാകുളം ജില്ലാ പഞ്ചായത്ത്

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-86-(03)-35-NP എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ്, ഡിപി ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,കില, തൃശ്ശൂർ.
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീമിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ